# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3740 — 15.05.2017 - ൽ മറുപടിയ്ക്ക്

## പുതിയതായി തുടങ്ങുന്ന സ്കൂളുകളും അപ്ഗ്രഡേഷനും

**ചോദ്യം**
**ശ്രീ.ജോർജ് എം. തോമസ്**

**ഉത്തരം**
**പ്രൊഫ. സി. രവീന്ദ്രനാഥ്**
**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

| ചോദ്യം | ഉത്തരം |
|---|---|
| (എ) സംസ്ഥാനത്ത് സർക്കാർ എയ്ഡഡ് മേഖലയിൽ പുതിയ സ്കൂളുകൾ തുടങ്ങുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;<br>(ബി) ഇത് സംബന്ധിച്ച് കോഴിക്കോട് ജില്ലയിൽ എവിടെ നിന്നെല്ലാം അപേക്ഷകൾ ലഭിച്ചുവെന്നും അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ;<br>(സി) മുക്കം ഉപജില്ലയിലെ പൂവാറൻതോട് ഗവൺമെന്റ് എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (എ) യും (ബി) യും (സി) യും സംസ്ഥാനത്ത് പുതിയ സ്കൂളുകൾ തുടങ്ങുന്നതും നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതും സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി 3060/14 ഉൾപ്പെടെയുള്ള ഒരു കൂട്ടം ഹർജികളിന്മേലുള്ള 18.06.2015 - ലെ വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ സ്കൂൾ മാപ്പിംഗ് നടത്തി വിദ്യാഭ്യാസ ആവശ്യകതയുള്ള പ്രദേശങ്ങൾ കണ്ടെത്തി വിജ്ഞാപനം പുറപ്പെടുവിക്കുകയും അതിൽ ആക്ഷേപങ്ങൾ ക്ഷണിച്ച് പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത വരുത്തുന്നതിന് ശാസ്ത്രീയമായ പഠനം നടത്തി വരികയാണ്. നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതും പുതിയ സ്കൂളുകൾ ആരംഭിക്കുന്നതും സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടില്ല. |

Hema.V

സെക്ഷൻ ഓഫീസർ